# ഉത്പ. 11:1-32
# മത്താ. 21:23-46 (21:33-44)

മാർച്ച് 03 നോമ്പ് നാലാം ഞായർ

## ഭാഷ്യം

## ഉത്പ. 11:1–32

### I. സന്ദർഭം

പാപത്തിന്റെയും ശിക്ഷയുടെയും കഥയാണ് ബാബേൽ ഗോപുരത്തിന്റേത്. യാഹ്‌വിസ്റ്റ് രചയിതാവ് ആദിചരിത്രത്തിന്റെ സമാപനമായാണ് ബാബേൽ ഗോപുരത്തിന്റെ കഥ അവതരിപ്പിക്കുന്നത്. എന്തുകൊണ്ടാണ് ഒരേ മാതാപിതാക്കളിൽ നിന്ന് ജനിച്ച മക്കൾ കാലാന്തരത്തിൽ പരസ്പരം മനസ്സിലാക്കാൻ കഴിയാതെ ഭിന്നിച്ചുപോയത് എന്നതിന്റെ വിശദീകരണമാണ് ബാബേൽ ഗോപുരത്തെക്കുറിച്ചുള്ള വിവരണത്തിലുള്ളത്. പറുദീസായിൽ വച്ച് ദൈവകല്പന ലംഘിച്ചതുവഴി മനുഷ്യൻ ദൈവത്തിൽ നിന്നകന്നു. ദൈവത്തിൽ നിന്നകന്ന മനുഷ്യൻ കാലാന്തരത്തിൽ മറ്റു മനുഷ്യരിൽ നിന്നും അകന്നുപോകും.

### II. പ്രമേയം

1. ആകാശം മുട്ടുന്ന ഗോപുരം പണിയുന്നത് ദൈവതുല്യനാകാനുള്ള മനുഷ്യന്റെ ശ്രമത്തെ സൂചിപ്പിക്കുന്നു.

2. ചിതറിപ്പോകാതിരിക്കാൻ വേണ്ടി നഗരം നിർമ്മിക്കുന്നവർ വർധിച്ച് ഭൂമിയിൽ നിറയുവിൻ (ഉത്പ. 1,28) എന്നുള്ള കർത്താവിന്റെ കല്പനയെ ലംഘിക്കുന്നു.

3. മനുഷ്യന്റെ കഴിവും സാധ്യതകളും എപ്പോഴും നന്മയിലേക്കു നയിക്കണമെന്നില്ല.

4. മനുഷ്യൻ കേവലം സൃഷ്ടിയെന്ന നിലയിൽ തന്റെ പരിമിതി മനസ്സിലാക്കണം. പറുദീസായിലെ പ്രലോഭനവും, ദൈവത്തെപ്പോലെ ആകാൻ ശ്രമിക്കുക എന്നതായിരുന്നു.

### III. സന്ദേശം

1. ഉത്പത്തി പുസ്തകത്തിലെ ചരിത്രാതീത ചരിത്രം അവസാനിക്കുന്നത് ബാബേൽ ഗോപുരത്തിന്റെ സംഭവ വിവരണത്തോടുകൂടിയാണ്. ദൈവത്തിൽ നിന്ന് അകന്ന്പോയ മനുഷ്യൻ കൂടുതൽ കൂടുതലായി തിന്മയ്ക്ക് അടിമയാകുന്ന വിവരണമാണ് ഈ അധ്യായങ്ങളിലുള്ളത്. ആദിമാതാപിതാക്കളുടെ അനുസരണക്കേട് (ഉത്പ 3,1-7) അവരെ പറുദീസായിൽ നിന്ന് പുറത്താക്കു

ന്നതിൽ കലാശിച്ചു. കായേൻ തന്റെ സഹോദരനായ ആബേലിനെ വധിച്ചു (ഉത്പ 8-16). മനുഷ്യനെ സൃഷ്ടിച്ചതിൽ ദു:ഖിക്കുന്ന ദൈവം (ഉത്പ 6,6) ജലപ്രളയം വഴിയായി സൃഷ്ടിയെ നവീകരിക്കാൻ ശ്രമിക്കുന്നു (ഉൽപ 7, 17 -24). എങ്കിലും പാപത്താൽ കളങ്കപ്പെട്ട മനുഷ്യസ്വഭാവം സ്രഷ്ടാവിന് എതിരായ പദ്ധതികളിൽ ഏർപ്പെടുന്നതാണ് ബാബേൽ ഗോപുര നിർമ്മിതിയിൽ നമ്മൾ കാണുന്നത്.

2. സംസ്ക്കാരത്തിലുള്ള വളർച്ചയാണ് ബാബേൽ ഗോപുര നിർമ്മാണം സൂചിപ്പിക്കുന്നത്. എന്നാൽ ദൈവത്തിന്റെ പദ്ധതിക്ക് എതിരെയുള്ള ഒരുസംസ്ക്കാരം കെട്ടിപ്പടുക്കാനുള്ള പരിശ്രമമാണ് ഇവിടെ നാം കാണുന്നത്. താൻ സൃഷ്ടിച്ച ഭൂമിയിൽ നിറഞ്ഞ് അതിനെ നോക്കി നടത്തുക എന്നതായിരുന്നു മനുഷ്യന്റെ കാര്യത്തിലുള്ള ദൈവത്തിന്റെ പദ്ധതി (ഉൽപ 1,28). എന്നാൽ മനുഷ്യൻ തന്റെ താൽപര്യങ്ങൾ നടപ്പിൽവരുത്താനുള്ള ശ്രമമാണ് ബാബേലിൽ നടത്തുന്നത്. സ്ഥിരോത്സാഹം കൊണ്ടും കൂട്ടായ പരിശ്രമം കൊണ്ടും എന്തും നേടിയെടുക്കാനുള്ള കഴിവ് മനുഷ്യനുണ്ട് എന്നകാര്യം വി.ഗ്രന്ഥം സമ്മതിക്കുന്നു (ഉത്പ 11,6). അതേസമയം മനുഷ്യന്റെ പദ്ധതികളും പ്രയത്നങ്ങളും ദൈവഹിതത്തിനു യോജിപ്പുള്ളവയായിരിക്കണം. ദൈവത്തെക്കൂടാതെ കെട്ടിപ്പടുക്കുന്ന നാഗരികത സുരക്ഷിതത്വം നൽകുകയില്ല. തന്നെയുമല്ല, മനുഷ്യരെ തമ്മിൽത്തമ്മിൽ അകറ്റാനേ അതുപകരിക്കുകയുള്ളു.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# മത്താ. 21:23 – 46 (21:33 – 44)

## I. സന്ദർഭം

ഒന്നാം സുവിശേഷത്തിന്റെ ക്രമം അനുസരിച്ച് യേശുവും യഹൂദപ്രമാണികളും തമ്മിലുള്ള അന്തിമ സംവാദത്തിന്റെ ആരംഭ ഭാഗമാണ് മത്താ. 21: 28-32. പഴയ ഇസ്രായേലിന്റെ തിന്മ എന്തെന്ന് യേശു വെളിപ്പെടുത്തുകയാണ്, മൂന്ന് ഉപമകളിലൂടെ (21:28-22:14). ഈ വിവാദത്തിന് ആരംഭം കുറിക്കുന്നത് യഹൂദ പ്രമാണികൾ യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്നതോ ടെയാണ് (21: 23-27). ആ ചോദ്യത്തിന് മറുപടികൂടിയാണ് ഈ ഉപമകൾ (21:28 -22:14). അതിൽ ആദ്യത്തെ രണ്ട് ഉപമകൾ ഇന്നത്തെ വചനഭാഗത്ത് വരുന്നു.

## II. പ്രമേയം

യേശു ദേവാലയത്തിൽ ചെയ്യുന്ന പ്രവർത്തികൾ യൂദനേതാക്കളെ ചൊടിപ്പിക്കുന്നു (21:23). അവൻ അവന്റെ അധികാരത്തെ ചോദ്യം ചെയ്യുന്നു. അതിനുള്ള പ്രതികരണമായി യേശു രണ്ടു പുത്രന്മാരുടെ ഉപമയും മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമയും പറയുന്നു.

ദൈവഹിതം അറിഞ്ഞാൽ മാത്രം പോര, അത് അനുഷ്ഠിക്കുകയും വേണം. ഇതാണ് രണ്ടു പുത്രരുടെ ഉപമയുടെ സന്ദേശം. രണ്ടാമത്തെ ഉപമയിൽ മുന്തി

രിത്തോട്ടത്തിന്റെ ഉടമസ്ഥനും പാട്ടക്കാരായ കൃഷിക്കാരും തമ്മിലാണ് സംഘര്‍ഷം. ഉടമസ്ഥന് അവകാശപ്പെട്ട വിളവെടുപ്പ് ഫലം അവന് കൊടുക്കുക എന്നതാണ് ഉപമയുടെ ആഹ്വാനം.

## III. സന്ദേശം

1. യേശുവിന്റെ അധികാരത്തെയാണ് യൂദനേതാക്കള്‍ ചോദ്യം ചെയ്യുന്നത് (21:23). അവന്റെ പ്രവര്‍ത്തികള്‍ക്കുള്ള അധികാരം എവിടെ നിന്നാണെന്നാണ് ചോദ്യം. നിന്റെ ജീവിതത്തിന്റെയും പ്രവര്‍ത്തികളുടെയും അധികാര ഉറവിടം തിരിച്ചറിയുക പ്രധാനകാര്യമാണ്. ദൈവമാണ് സ്വന്തം പിതാവെന്നും, പിതാവാണ് തന്റെ അധികാരത്തിന്റെ ഉറവിടമെന്നുമുള്ള തിരിച്ചറിവായിരുന്നു യേശുവിന്റെ ശക്തി. ഈ തിരിച്ചറിവിലേക്ക് വളര്‍ന്നു വരികയാണ് ശിഷ്യനെന്ന നിലയിലുള്ള നിന്റെ ധര്‍മം. ദൈവം നിന്റെ പിതാവാണെന്ന് തിരിച്ചറിയുക; നിന്റെ ജീവിതത്തിനും പ്രവര്‍ത്തികള്‍ക്കുമുള്ള ഊര്‍ജ്ജം എപ്പോഴും തമ്പുരാനില്‍ നിന്ന് സ്വീകരിക്കുക.

2. ഒന്നാമത്തെ മകന്‍ പിതാവിനോട് ധിക്കരിച്ചു പറഞ്ഞെങ്കിലും പിന്നീട് മനസ്സു മാറി പിതൃഹിതം ചെയ്യുന്നു. രണ്ടാമന്‍ മറിച്ചും. പിതൃഹിതം ചെയ്യുകയാണ് ദൈവപുത്രന്‍/ ദൈവപുത്രി എന്ന നിലയിലുള്ള നിന്റെ കടമ. എല്ലായ്പ്പോഴും ദൈവഹിതമെന്തെന്ന് അന്വേഷിക്കുക; അതനുസരിച്ച് നിന്റെ ജീവിതം ക്രമീകരിക്കുക. ദൈവപുത്രരാകാനും ദൈവരാജ്യത്തില്‍ പ്രവേശിക്കാനുമുള്ള വഴിയാണിത്.

3. മുന്തിരിത്തോട്ടത്തിന്റെ ഉപമയില്‍ പാട്ടകൃഷിക്കാരുടെ തെറ്റ് അവര്‍ പുത്രനെ കൊന്ന് ഉടമസ്ഥത കൈക്കലാക്കാന്‍ ശ്രമിച്ചു എന്നതാണ്. ഇതാണ് ഏറ്റവും വലിയ പാതകം. നീ തിരിച്ചറിയേണ്ട കാര്യവും ഇതു തന്നെയാണ് - നീ ഉടമസ്ഥനല്ല; വെറും കാവല്‍ക്കാരന്‍ മാത്രം. നിന്നെ എല്‍പ്പിച്ചിരിക്കുന്ന സകലത്തിന്റെയും ഉടമസ്ഥന്‍ ദൈവമാണ് -നിന്റെ ജീവിതത്തിന്റെയും, കഴിവുകളുടെയും, സമ്പത്തിന്റെയും, നിന്റെ പ്രിയരുടെ പോലും ഉടമസ്ഥന്‍ നീയല്ല, ദൈവമാണ്. അതിനാല്‍ ഒന്നിനെയും സ്വന്തമാക്കി വയ്ക്കാന്‍ നീ പരിശ്രമിക്കരുത്. പകരം ഉടമസ്ഥന് ഫലങ്ങള്‍ കൊടുക്കാനാണ് പരിശ്രമിക്കേണ്ടത്. നിന്റെ പ്രിയരെയും മക്കളെയും പോലും സ്വന്തമാക്കി വയ്ക്കാന്‍ ശ്രമിക്കരുതെന്ന വലിയ പാഠമാണ്. കാരണം ദൈവമാണ് അവരുടെയെല്ലാം ഒടേക്കാരന്‍.

**ഡോ. ജെ. നാലുപറയില്‍**

# പ്രസംഗം

## ഫലം പുറപ്പെടുവിക്കുക

500 രൂപ അയച്ചു തന്നാല്‍ രണ്ടാഴ്ച്ചക്കുള്ളില്‍ കൈയ്യക്ഷരം ശരിയാക്കിത്തരാം എന്ന പത്രപരസ്യം കണ്ടകുട്ടി, പത്രത്തില്‍ കണ്ട അഡ്രസില്‍ 500 രൂപ അയച്ചു കൊടുത്തു. ഒരു മാസം കഴിഞ്ഞിട്ടും മറുപടി ഒന്നും കിട്ടാത്ത

തുകൊണ്ട്, കുട്ടി വിശദമായി അവർക്ക് ഒരു കത്തെഴുതി, എന്നിട്ടും ഒരു മറുപടിയില്ല. പല പ്രാവശ്യം ഈ കത്തെഴുത്ത് തുടർന്നു. അവസാനം പ്രസാധകരുടെ എഴുത്ത് വന്നു. അതിൽ ഇങ്ങനെയെഴുതിയിരുന്നു. ഇപ്പോൾ നിങ്ങളുടെ കൈയ്യക്ഷരം ശരിയായി വരുന്നുണ്ട്. തുടർന്നും ഞങ്ങൾക്കെഴുതുക.

കൈയ്യക്ഷരം ശരിയാകണമെങ്കിൽ എഴുതികൊണ്ടിരിക്കണം; അതല്ലാതെ മറ്റുവഴികൾ ഇല്ല. പരിശ്രമമാണ് വിജയത്തിന്റെ രഹസ്യം 'കാറ്റ് നോക്കിയിരിക്കുന്നവൻ വിതയ്ക്കുകയോ, മേഘങ്ങളെ നോക്കിയിരിക്കുന്നവൻ കൊയ്യുകയോ ഇല്ല. (സഭാ.11:4-5).

പ്രായം എഴുപതുകഴിഞ്ഞിട്ടും ചെറുപ്പംവിടാത്ത ഒരു വൈദികൻ ഈയിടെ രൂപതയുടെ യുവജന വിഭാഗത്തിന്റെ ഉത്തരവാദിത്വം തന്നെ ഏൽപിക്കാമോ എന്ന് പിതാവിനോട് ആവശ്യപ്പെട്ടത്രെ. യുവത്വം തിളച്ചുനിൽക്കുന്ന ചെറുപ്പക്കാരായ വൈദികർ ആ രൂപതയിലുള്ളപ്പോൾ ഈ പാവം വൈദികന്റെ ആഗ്രഹം അതിമോഹമാണെന്ന് നമുക്കൊക്കെതോന്നാം. എന്നാൽ ആ അച്ചന്റെ ആത്മർത്ഥതയെ അഭിനന്ദിക്കുക തന്നെ വേണം. അദ്ദേഹത്തിന്റെ മനസ്സ് ഇപ്പോഴും ചെറുപ്പമാണെന്ന സത്യം എല്ലാവർക്കും ഒരു പ്രചോദനമാണ്. 25 വയസ്സായ വൃദ്ധരും 75 വയസ്സായ ചെറുപ്പക്കാരും ജീവിച്ചുകൊണ്ടിരിക്കുന്നുവെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

ജീവിതം ഫലം നൽകാനുള്ളതാണ്, വെട്ടിമാറ്റപ്പെടാനുള്ളതല്ല. കിളയ്ക്കാനും, വിതയ്ക്കാനും, കൊയ്യാനും ഇന്ന് ആരും തയ്യാറല്ല. എല്ലാവർക്കും ഇന്ന് റെഡിമെയ്ഡിനോടാണ് താല്പര്യം. ജീവിതത്തിൽ അദ്ധ്വാനിക്കാതെ സമ്പാദിക്കുക എന്നതാണ് പലരുടെയും മുദ്രാവാക്യം. കൈ നനയാതെ മീൻ പിടിക്കുകയെന്നത് ഇന്ന് ഒരു പകർച്ച-വ്യാധിയായി മാറിയിരിക്കുന്നു. കൂണുപോലെ മുളച്ചു വരുന്ന കോൾസെന്ററുകളിൽ നിന്നും കൈനിറയെ പണം കിട്ടുമ്പോൾ ഇന്നത്തെ യുവതലമുറയുടെ കഴിവുകൾ അവിടെ തന്നെ കുഴിച്ച് മൂടപെടുകയാണ്. ജീവിതത്തിന്റെ ലക്ഷ്യം പണം സമ്പാദിക്കൽ മാത്രമല്ലല്ലോ. ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന കഴിവുകളെ വികസിപ്പിച്ചെടുക്കാൻ നമ്മൾ ശ്രമിക്കണം.

വീട്ടിൽ അമ്മയുണ്ടാക്കിയിരുന്ന ഇഡ്ഡലിയും ദോശയും, പുട്ടുമെല്ലാം ഇന്ന് മാർക്കറ്റിൽ ഇഷ്ടം പോലെ വാങ്ങാൻ കിട്ടുമ്പോൾ ഇതെല്ലാം ഉണ്ടാക്കാൻ ആർക്കുനേരം? ഉണ്ടും, ഉറങ്ങിയും, വിശ്രമിച്ചും സമയത്തെ കൊല്ലുകയാണിന്ന്.

"എത്ര ആഗ്രഹിച്ചാലും അലസന് ഒന്നും കിട്ടുകയില്ല. സ്ഥിരോത്സാഹിക്ക് സമൃദ്ധമായി ലഭിക്കുന്നു" (സുഭാ 13:4). അക്ഷര വഴിയിൽ ചരിത്രം സൃഷ്ടിക്കുന്ന ആയിഷയെന്ന 84 കാരിയെപ്പറ്റി ഈയിടെ പത്രത്തിൽ വായിച്ചു. പ്രായത്തിന്റെ യാതൊരു പ്രശ്നങ്ങളും ഗൗനിക്കാതെ പത്താംക്ലാസ് പഠിച്ചു ജയിച്ചു.

*......ശേഷം പേജ് 17-ൽ*